**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2560** **06-10-2025-ൽ മറുപടിയ്ക്ക്**

**<u>തനത് റവന്യൂ വരുമാനത്തിലെ നേട്ടങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എച്ച്. സലാം | ശ്രീ. വി. ഡി. സതീശൻ

ശ്രീ. എച്ച്. സലാം | (മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനത്തിൽ ഈ സർക്കാറിന്റെ കാലത്ത് ആർജിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ വിശദമാക്കാമോ;

**<u>മറുപടി:</u>** വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കിയും നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിനിയും പരിശോധനകളും ശക്തമാക്കിയും ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയും വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചും ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ തനതു വരുമാനം വർധിപ്പിക്കാൻ കഴിഞ്ഞു . 2020-21 ൽ സംസ്ഥാനത്തിന്റെ തനതു വരുമാനം (SOR) 54,988 കോടി രൂപ ആയിരുന്നത് 2024-25 സാമ്പത്തിക വർഷം കഴിയുമ്പോഴേക്കും 93129 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. നാലു വർഷം കൊണ്ട് 69% ന്റെ വർദ്ധനവാണുണ്ടായത്. തനതു വരുമാനം 2020-21 സാമ്പത്തിക വർഷത്തിൽ 54988 കോടി രൂപയായിരുന്നത്, 2021-22 സാമ്പത്തിക വർഷത്തിൽ 68803കോടി രൂപയായും , 2022-23 സാമ്പത്തിക വർഷത്തിൽ 87086 കോടി രൂപയായും 2023-24 സാമ്പത്തിക വർഷത്തിൽ 90674 കോടി രൂപയായും 2024-25 സാമ്പത്തിക വർഷത്തിൽ 93129 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്.

**(ബി)** 2011-16 സർക്കാറിന്റെ കാലഘട്ടത്തെ അപേക്ഷിച്ച് തനത് റവന്യൂ വരുമാനത്തിൽ നേട്ടങ്ങൾ ആർജിക്കുവാൻ നിലവിലെ സർക്കാറിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ?

**<u>മറുപടി:</u> 2011-16 കാലഘട്ടത്തെ അപേക്ഷിച്ച് തനതു റവന്യൂ വരുമാനത്തിൽ ഈ സർക്കാരിന്റെ ആദ്യത്തെ നാലുവർഷക്കാലയളവിൽ ശ്രദ്ധേയമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2015-16 ലെ തനതു റവന്യൂ വരുമാനമായ 47421 കോടിയിൽ നിന്നും 2024-25 ൽ ഇത് 93129 കോടിയായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.**

**(തുക കോടിയിൽ)**

| സാമ്പത്തിക വർഷം | തനത് വരുമാനം |
|---|---|

| | |
|---|---|
| 2011-12 | 28311 |
| 2012-13 | 34275 |
| 2013-14 | 37570 |
| 2014-15 | 42516 |
| 2015-16 | 47421 |
| 2021-22 | 68803 |
| 2022-23 | 87086 |
| 2023-24 | 90675 |
| 2024-25 | 93129 |

**സെക്ഷൻ ഓഫീസർ**